പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 410 06.02.2013 ൽ മറുപടിയ്ക്ക്

പബ്ലിക് യൂട്ടിലിറ്റി സ്ഥാപനങ്ങളിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി കുടിശ്ശികയുടെ പേരിൽ സംസ്ഥാനത്ത് കൃഷി വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള എത്ര വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ലഭ്യമായ വിവരം അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി കുടിശ്ശികയുടെ പേരിൽ കൃഷി വകുപ്പിന്റെ 96 കണക്ഷനുകളും, കേരള വാട്ടർ അതോറിറ്റിയുടെ 9 കണക്ഷനുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 76 കണക്ഷനുകളും, വിച്ഛേദിച്ചിട്ടുണ്ട്. |
| (ബി) പൊതുജനങ്ങളും കൃഷിക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇത്തരം പബ്ലിക് യൂട്ടിലിറ്റി സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് ഒഴിവാക്കുമോ? | (ബി) വൈദ്യുതി കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷനുകളും വിച്ഛേദിക്കുന്നതിന് റെഗുലേറ്ററി കമ്മീഷൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

4/